പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 490 — 01/07/2014 -ൽ മറുപടിക്ക്

ഇ-സ്റ്റാമ്പിംഗ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്,<br>" പി.എ. മാധവൻ;<br>" എം.എ. വാഹിദ്;<br>" ലൂഡി ലൂയിസ്. | ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | എ) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1) ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുമ്പോൾ രജിസ്ട്രേഷൻ സംബന്ധിച്ച ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുവാനും വ്യാജമുദ്രപ്പത്രങ്ങൾ തടയാനും കഴിയും.<br>2) ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ സാധിക്കും<br>3) ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ തിരിമറികൾക്ക് സാധ്യതയില്ല.<br>4) സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തിരം ആയതിനാൽ തിരുത്തലുകൾക്ക് സാധ്യതയില്ല.<br>5) ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.<br>6) ഇടനിലക്കാരുടെ അനാവശ്യ ഇടപെടലുകൾ ഒഴിവാക്കുന്നതുവഴി ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നു. |
| ബി) മുദ്രപ്പത്ര വിതരണത്തിലെ അപാകതകൾ ഒഴിവാക്കാൻ എന്തെല്ലാം സംവിധാനമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) ഇലക്ട്രോണിക് മാധ്യമത്തിലൂടെ ആവശ്യമുള്ളപ്പോൾ മാത്രം ഇ-സ്റ്റാമ്പ് ജനറേറ്റ് ചെയ്യുന്നതുമൂലം വ്യാജമായി ഇവ നിർമ്മിക്കുന്നതിനുള്ള സാധ്യതയില്ലാതാകും. കൂടാതെ ആവശ്യമായ അവസരങ്ങളിലെല്ലാം ഓൺലൈനായി വെരിഫൈ ചെയ്യുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സൗകര്യം ഉള്ളതിനാൽ ഇതിന്റെ സുരക്ഷിതത്വം ഉറപ്പാക്കാൻ സാധിക്കും. ഇ-ചെലാനിൽ 5 തരത്തിലുള്ള സുരക്ഷാ സംവിധാനവും ഉൾപ്പെടുത്താനുദ്ദേശിയ്ക്കുന്നു. |
| സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വ്യക്തമാക്കാമോ ? | സി) | കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി.) സാങ്കേതിക സഹായത്താൽ, രജിസ്ട്രേഷൻ, ട്രഷറി എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ.